നമ്പർ.ക്യൂ.ഐ.പി(1)/247365/2021/ഡി.ജി.ഇ പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18/02/2022

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - സ്കൂൾ തുറക്കുന്നതിനുള്ള മാർഗ്ഗരേഖ - സംബന്ധിച്ച്

സൂചന:-
1. സ.ഉ(സാധാ)നം.109/2022/ഡി.എം.ഡി. തീയതി:4/2/2022
2. സ്കൂൾ തുറക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (സാധാ) നം.4485/2021/പൊ.വി.വ. തീയതി: 8/10/2021.
3. സർക്കുലർ നം. ക്യൂ.ഐ.പി (1)/247365/2021/ഡി.ജി.ഇ തീയതി 11.02.2022

സൂചന (1) പ്രകാരം പ്രീ പ്രൈമറി ക്ലാസുകളും, 1 മുതൽ 9 വരെയുള്ള ക്ലാസുകളും 2022 ഫെബ്രുവരി 14 മുതൽ ഓഫ്‌ലൈനായി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ഈ പശ്ചാത്തലത്തിൽ സ്കൂളുകൾ ഫെബ്രുവരി 21 മുതൽ മുഴുവൻ സമയവും പ്രവർത്തിക്കുന്നതിനോടനുബന്ധിച്ച് സൂചന(3) പ്രകാരം മാർഗ്ഗനിർദേശങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാനത്തെ സ്കൂളുകളുടെ പ്രവർത്തനം 2021 നവംബർ 1 ന് ആരംഭിക്കുന്നതിന് മുന്നോടിയായി സൂചന (2) പ്രകാരം സർക്കാർ പുറത്തിറക്കിയ മാർഗ്ഗരേഖയിലെ പ്രസക്തമായ നിർദേശങ്ങൾ അവലംബമാക്കി താഴെ പറയുന്ന കാര്യങ്ങൾ ഒരിക്കൽക്കൂടി ഉറപ്പുവരുത്തേണ്ടതാണ്.

## I. സ്കൂളുകൾ സജ്ജമാക്കൽ

1. സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സമ്പൂർണ്ണ ശുചീകരണം നടത്തേണ്ടതാണ്. കെട്ടിടങ്ങളോടൊപ്പം പാചകപ്പുര, ഫർണിച്ചർ, ഉപകരണങ്ങൾ, ലൈബ്രറി, ലാബ്, സ്കൂൾ ബസ് തുടങ്ങി കുട്ടികളുടെ സാന്നിധ്യം ഉണ്ടാകാവുന്ന എല്ലാ ഇടങ്ങളും വൃത്തിയാക്കുകയും അണുനശീകരണം നടത്തുകയും വേണം.
2. ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. നിലവിൽ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കുട്ടികളും നിർമ്മാണ തൊഴിലാളികളും തമ്മിൽ ഇടപഴകാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

4. കുടിവെള്ള ടാങ്ക്, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ അണുവിമുക്തമാക്കേണ്ടതാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ഇതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

5. ഓരോ ക്ലാസ്ടീച്ചറും അവരവരുടെ ക്ലാസിലെ കുട്ടികളുടെ പൂർണ്ണമായ വിവരങ്ങൾ (വീട്ടിലെ സ്ഥിതി, ആരോഗ്യം, കോവിഡ് വിവരങ്ങൾ, കുട്ടികളുടെ യാത്ര) ശേഖരിക്കേണ്ടതാണ്.

6. കുട്ടികൾ സ്കൂളിൽ പാലിക്കേണ്ട കോവിഡ് അനുബന്ധ പെരുമാറ്റ രീതികൾ രക്ഷിതാക്കളെ അറിയിക്കേണ്ടതാണ്.

7. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുമായി കൂടിച്ചേർന്നും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

8. പി.ടി.എ/എസ്.എം.സി /ക്ലാസ് പി.റ്റി.എ എന്നിവയുടെ യോഗങ്ങൾ ചേരേണ്ടതാണ്.

9. വിദ്യാഭ്യാസ ജില്ല/ഉപജില്ല/പഞ്ചായത്ത് തലങ്ങളിലും ആവശ്യമായ യോഗങ്ങൾ ചേർന്ന് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

10. തെർമൽ സ്കാനർ, മാസ്ക് ഉപയോഗം, സാനിറ്റൈസർ ഉപയോഗം എന്നിവ ഉറപ്പു വരുത്തേണ്ടതും ആരോഗ്യ വകുപ്പിന്റെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

11. ക്ലാസ് റൂമുകൾ, ഹാളുകൾ എന്നിവ പൂർണ്ണമായി തുറന്നിടേണ്ടതും വായു സഞ്ചാരം ഉറപ്പാക്കേണ്ടതുമാണ്.

## II. പൊതുനിർദ്ദേശങ്ങൾ

1. എസ്.ആർ.ജി., വിഷയസമിതി എന്നിവയുടെ യോഗങ്ങളും അതിനനുസൃതമായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതാണ്.

2. ഫെബ്രുവരി 21 മുതൽ പ്രവർത്തനക്ഷമമാകുന്ന രീതിയിൽ സ്കൂൾ ടൈടേബിൾ രൂപീകരിക്കേണ്ടതും അധ്യാപകരുടെ ചുമതലാവിഭജനം പൂർത്തീകരിക്കേണ്ടതുമാണ്.

3. ഓരോ വിഷയത്തിലും കുട്ടികൾ ഇപ്പോൾ എത്തിനിൽക്കുന്ന അക്കാദമിക് നില കണ്ടെത്തേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്.

4. പാഠഭാഗങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. പൊതുപരീക്ഷകൾക്കും വാർഷിക വിലയിരുത്തലിനും വേണ്ട തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.

5. ഭിന്നശേഷി കുട്ടികൾക്കുവേണ്ടിയുള്ള പിന്തുണയും അനുരൂപീകരണ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടതാണ്.

6. ഉച്ചഭക്ഷണ പദ്ധതി, കുട്ടികളുടെ സ്കോളർഷിപ്പ്, ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

7. മാർച്ച് മാസം അവസാനം വരെ ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പരമാവധി സ്കൂളുകൾ സന്ദർശിച്ച് സ്കൂളുകളുടെ പ്രവർത്തനം, പാഠ്യ-പഠ്യേതര പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള പോരായ്മകൾ കണ്ടെത്തുകയും ഫലപ്രദമായ ഇടപെടലിലൂടെ പ്രശ്ന പരിഹാരം കണ്ടെത്തേണ്ടതുമാണ്.

8. പ്ലാൻ ഫണ്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

9. പരീക്ഷാ സംബന്ധമായ ഔദ്യോഗിക പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

10. കുട്ടികൾക്ക് വേണ്ട മാനസിക പിന്തുണ നൽകുകയും ആവശ്യമായ ഗൈഡൻസ്/കൗൺസലിങ് നൽകേണ്ടതുമാണ്.

11. ഇനിയും വാക്സനിനേഷൻ നടത്താനുള്ള കുട്ടികളുടെ വാക്സിനേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

12. ഫെബ്രുവരി 21 മുതൽ മാർച്ച് അവസാനം വരെ കുട്ടികളുടെ ഹാജർ അടക്കം സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ ഓഫീസർമാർ നിരീക്ഷിക്കുകയും ആവശ്യമായ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുമാണ്. ആഴ്ചതോറും ജില്ലാതല അവ ലോകനങ്ങൾ നടത്തി സംസ്ഥാന തലത്തിലേയ്ക്ക് റിപ്പോർട്ടുകൾ കൈമാറേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്:-</u>

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർസെക്കന്ററി വിഭാഗം)
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രിൻസിപ്പാൾ/പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)